നം: ഒ&എം1/18394/(1)2016

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്
ഡിസൈൻ &ഭരണ വിഭാഗം,
തിരുവനന്തപുരം,
തീയതി: 26/10/2016

## സർക്കുലർ

വിഷയം: പൊ.മ.വകുപ്പ് - എല്ലാ ജീവനക്കാരുടേയും പേരിനോടൊപ്പം പെർമനന്റ് എംപ്ലോയി നമ്പർ (പെൻ) ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന: 4/10/2016 ൽ പൊ.മ.വകുപ്പ് ഡിസൈൻ & ഭരണം ചീഫ് എഞ്ചിനീയറുടെ സാനിദ്ധ്യത്തിൽ നടന്ന എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാരുടേയും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും പൊതുയോഗം.

*******

പൊതുമരാമത്ത് വകുപ്പിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരുടേയും സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരേ പേരും ഇനിഷ്യലും ഉള്ള ജീവനക്കാർ ഉള്ളതായി കാണുന്നു. ശിക്ഷാനടപടികൾക്കോ കുറ്റാരോപണങ്ങൾക്കോ വിധേയരായ ഇത്തരം ജീവനക്കാരുടെ ശിക്ഷണ നടപടികളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ തെറ്റ് ചെയ്യാത്ത ജീവനക്കാരുടെ പേരിൽ തെറ്റ് ചെയ്തതായ വിധത്തിൽ എഴുതുന്നതിനു ഇടയാകുന്നു. മാത്രമല്ല ഡി.പി.സി കളിൽ അർഹരായ ജീവനക്കാരെ മാറ്റി നിർത്തുന്നതിനും അനർഹരായ ജീവനക്കാരെ അംഗീകരിക്കുന്നതിനും ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു പരിഹാരമായി ഓരോ ജീവനക്കാരന്റേയും പേരിന്റെ കൂടെ പെർമനന്റ് എംപ്ലോയി നമ്പർ (പെൻ) ചേർക്കുന്നതിനു തീരുമാനിച്ചിരുന്നു. ആയതിനാൽ താങ്കളുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 'പെൻ' ഈ ആഫീസിൽ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. മാത്രമല്ല ഇനിയുള്ള എല്ലാ കത്തിടപാടുകളിലും ബന്ധപ്പെട്ട ജീവനക്കാരുടെ പെൻ നിർബന്ധമായും രേഖപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

Fc3